**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 678** **26-07-2021 - ൽ മറുപടിയ്ക്ക്**

**റോഡരുകിൽ പാർക്ക് ചെയ്തിരിക്കുന്ന പഴക്കമുള്ള വാഹനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നാഷണൽ ഹൈവേ ഉൾപ്പെടെ വിവിധ റോഡുകളുടെ അരികിൽ പാർക്ക് ചെയ്തിട്ടുള്ള തൊണ്ടി ഉരുപ്പടികൾ ഉൾപ്പെടെയുള്ള പഴക്കമുള്ള വാഹനങ്ങൾ പൊതുജനങ്ങൾക്ക് യാത്രാക്ലേശവും അവയിൽ നിന്ന് ഇഴജന്തുക്കൾ ഉൾപ്പെടെയുള്ളവയുടെ ഭീഷണിയും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗത്തിന്റെ അധീനതയിലുള്ള റോഡുകളിൽ പൊതുജനങ്ങൾക്ക് അപകടകരമാം വിധത്തിൽ വിവിധ തരത്തിലുള്ള ഉപയോഗശൂന്യമായതും ഗതാഗത യോഗ്യവുമല്ലാത്ത വാഹനങ്ങൾ അനധികൃതമായി പാർക്ക് ചെയ്തിരിക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി ആയതു നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശ പ്രകാരം പോലീസ് വകുപ്പിന്റെ സഹകരണത്തോടു കൂടി ഇത്തരം വാഹനങ്ങൾ നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പോലീസ് സ്റ്റേഷൻ പരിസരങ്ങളുടെ സമീപം പൊതു നിരത്തിൽ സൂക്ഷിച്ചിരിക്കുന്ന തൊണ്ടി വാഹനങ്ങൾ എത്രയും പെട്ടെന്ന് നീക്കം ചെയ്യണമെന്ന ഡി.ജി.പി യുടെ സർക്കുലർ നിർദ്ദേശവും നിലവിലുണ്ട്.<br>പൊതുമരാമത്ത് ദേശീപാത വകുപ്പിന്റെ കീഴിൽ വരുന്ന റോഡരികിൽ കാലാകാലങ്ങളായി പാർക്ക് ചെയ്തിട്ടുള്ള വാഹനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് മോട്ടോർ വാഹന വകുപ്പിനെയും പോലീസ് ഡിപ്പാർട്ട്മെന്റിനെയും അറിയിക്കുകയും നീക്കം ചെയ്യുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>കോഴിക്കോട് ദേശീയപാതാ വിഭാഗത്തിനു കീഴിലുള്ള ദേശീയപാത 66-ൽ നല്ലളം കെ.എസ്.ഇ.ബി സബ്സ്റ്റേഷൻ, ഞെളിയൻ പറമ്പ് എന്നീ സ്ഥലങ്ങളിൽ അനധികൃതമായി നിർത്തിയിട്ട 6 ബസ്സുകൾ നീക്കം ചെയ്യുന്നതിന് ഉടമസ്ഥരുടെ വിവരം ലഭ്യമായിട്ടുണ്ട്. ആയത് നീക്കം ചെയ്യുന്നതിന് ആർ.ടി.ഒ.-ക്ക് കത്ത് നൽകിയിട്ടുണ്ട്. കൊല്ലം ദേശീയപാതാ വിഭാഗത്തിനു കീഴിലുള്ള ദേശീയപാത 66- ൽ കൃഷ്ണപുരം മുതൽ കടമ്പാട്ടുകോണം വരെയും കാട്ടിൽകടവ്- പുതിയകാവ്-ചക്കുവള്ളി വരെയുള്ള |

| | | | |
|---|---|---|---|
| | | | റോഡിന്റെ വശങ്ങളിൽ പാർക്ക് ചെയ്തിട്ടുള്ള തൊണ്ടി വാഹനങ്ങൾ ഉൾപ്പടെയുള്ളവ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി ഓച്ചിറ, കരുനാഗപ്പള്ളി, ചവറ, ശൂരനാട്, ശക്തികുളങ്ങര, കൊട്ടിയം, ചാത്തന്നൂർ, പാരിപ്പള്ളി എന്നിവിടങ്ങളിലെ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്ക് കത്ത് നൽകിയിട്ടുണ്ട്. കൊല്ലം-തേനി ദേശീയപാതയിൽ ദേശീയപാത183 വേളാവൂർ മുതൽ കോട്ടയം ഐഡ ജംഗ്ഷൻ വരെയുള്ള ഭാഗത്ത് ചില സ്ഥലങ്ങളിൽ വാഹനങ്ങളും മെഷിനറികളും അനധികൃതമായി പാർക്ക് ചെയ്തിട്ടുണ്ട്. ആയത് നീക്കം ചെയ്യാനായി നോട്ടീസ് നൽകിയിട്ടുണ്ട് |
| (ബി) | ഇവ റോഡുകളുടെ വശങ്ങളിൽ നിന്നും ഒഴിവാക്കി റോഡുകളിൽ യാത്രാ സൗകര്യവും ഇഴജന്തുക്കളുടെ ഭീഷണിയും അകറ്റാൻ സമയബന്ധിതമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗത്തിന്റെ അധീനതയിലുള്ള റോഡുകളിൽ പൊതുജനങ്ങൾക്ക് അപകടകരമാം വിധത്തിൽ വിവിധ തരത്തിലുള്ള ഉപയോഗശൂന്യമായതും ഗതാഗത യോഗ്യവുമല്ലാത്ത വാഹനങ്ങൾ അനധികൃതമായി പാർക്ക് ചെയ്തിരിക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി ആയതു നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശ പ്രകാരം പോലീസ് വകുപ്പിന്റെ സഹകരണത്തോടു കൂടി ഇത്തരം വാഹനങ്ങൾ നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പോലീസ് സ്റ്റേഷൻ പരിസരങ്ങളുടെ സമീപം പൊതു നിരത്തിൽ സൂക്ഷിച്ചിരിക്കുന്ന തൊണ്ടി വാഹനങ്ങൾ എത്രയും പെട്ടെന്ന് നീക്കം ചെയ്യണമെന്ന ഡി.ജി.പി യുടെ സർക്കുലർ നിർദ്ദേശവും നിലവിലുണ്ട്. പൊതുമരാമത്ത് ദേശീപാത വകുപ്പിന്റെ കീഴിൽ വരുന്ന റോഡരികിൽ കാലാകാലങ്ങളായി പാർക്ക് ചെയ്തിട്ടുള്ള വാഹനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് മോട്ടോർ വാഹന വകുപ്പിനെയും പോലീസ് ഡിപ്പാർട്ട്മെന്റിനെയും അറിയിക്കുകയും നീക്കം ചെയ്യുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. കോഴിക്കോട് ദേശീയപാതാ വിഭാഗത്തിനു കീഴിലുള്ള ദേശീയപാത 66-ൽ നല്ലളം കെ.എസ്.ഇ.ബി സബ്സ്റ്റേഷൻ, ഞെളിയൻ പറമ്പ് എന്നീ സ്ഥലങ്ങളിൽ അനധികൃതമായി നിർത്തിയിട്ട 6 ബസ്സുകൾ നീക്കം ചെയ്യുന്നതിന് ഉടമസ്ഥരുടെ വിവരം ലഭ്യമായിട്ടുണ്ട്. ആയത് നീക്കം ചെയ്യുന്നതിന് ആർ.ടി.ഒ.-ക്ക് കത്ത് നൽകിയിട്ടുണ്ട്. കൊല്ലം ദേശീയപാതാ വിഭാഗത്തിനു കീഴിലുള്ള ദേശീയപാത 66- ൽ കൃഷ്ണപുരം മുതൽ കടമ്പാട്ടുകോണം വരെയും കാട്ടിൽകടവ്- പുതിയകാവ്-ചക്കുവള്ളി വരെയുള്ള |

| | | | |
|---|---|---|---|
| | | | റോഡിന്റെ വശങ്ങളിൽ പാർക്ക് ചെയ്തിട്ടുള്ള തൊണ്ടി വാഹനങ്ങൾ ഉൾപ്പടെയുള്ളവ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി ഓച്ചിറ, കരുനാഗപ്പള്ളി, ചവറ, ശൂരനാട്, ശക്തികുളങ്ങര, കൊട്ടിയം, ചാത്തന്നൂർ, പാരിപ്പള്ളി എന്നിവിടങ്ങളിലെ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്ക് കത്ത് നൽകിയിട്ടുണ്ട്. കൊല്ലം-തേനി ദേശീയപാതയിൽ ദേശീയപാത183 വേളാവൂർ മുതൽ കോട്ടയം ഐഡ ജംഗ്ഷൻ വരെയുള്ള ഭാഗത്ത് ചില സ്ഥലങ്ങളിൽ വാഹനങ്ങളും മെഷിനറികളും അനധികൃതമായി പാർക്ക് ചെയ്തിട്ടുണ്ട്. ആയത് നീക്കം ചെയ്യാനായി നോട്ടീസ് നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ